## സുന്നത്ത്

**മുർശിദ്**

# ഉദാരനാവുക, തണലേകുക

عَنِ ابْنِ عَبَّاسٍ ، قَالَ :كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَجْوَدَ النَّاسِ، وَكَانَ أَجْوَدَ مَا يَكُونُ فِي رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ ، وَكَانَ جِبْرِيلُ يَلْقَاهُ فِي كُلِّ لَيْلَةٍ مِنْ رَمَضَانَ , فَيُدَارِسُهُ الْقُرْآنَ ، قَالَ : فَلَرَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَجْوَدُ بِالْخَيْرِ مِنَ الرِّيحِ الْمُرْسَلَةِ .

**അബ്ദുല്ലാഹിബ്നു അബ്ബാസ് പറയുന്നു: "ജനങ്ങളിൽ ഏറ്റവും ഔദാര്യവാനായിരുന്നു റസൂലുല്ലാഹ്. ജിബ്‌രീലുമായി സംഗമിക്കുന്ന റമദാനിലാണ് നബി ഏറ്റവും ഉദാരനായിരുന്നത്. റമദാനിലെ ഓരോ രാത്രിയിലും ജിബ്‌രീൽ നബിയുമായി സന്ധിക്കുകയും ഖുർആൻ വായിച്ച് പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. അടിച്ചുവീശുന്ന കാറ്റിനേക്കാൾ നന്മയിൽ ഉദാര വാനായിരുന്നു നബി" (ബുഖാരി, മുസ്‌ലിം).**

ഇസ്‌ലാമിന്റെ സവിശേഷതകളിലൊന്ന് സമൂഹത്തിനു പൊതുവിൽ കാണാനും അനുഭവിക്കാനും കഴിയുന്നു എന്നത് റമദാനിന്റെ പ്രത്യേകതയാണ്. ആരാധനകളുടെയും സാമൂഹികതയുടെയും സമന്വയമാണ് ആ സവിശേഷത. നോമ്പ് അനുഷ്ഠിക്കൽ, നമസ്കാരത്തിലെ സവിശേഷമായ സജീവത, പ്രാർഥനകൾ, ദിക്റുകൾ, പാപമോചന അർഥനകൾ, പള്ളികളുമായുള്ള ഉറ്റ ബന്ധം തുടങ്ങിയവയിലൂടെ അല്ലാഹുവുമായുള്ള ആത്മബന്ധത്തെ ഊട്ടിയുറപ്പിക്കുന്നത് റമദാനിന്റെ ആരാധനാ വശമാണ്. കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പുന്ന വിധത്തിൽ ഒഴുകിപ്പരക്കുന്ന ദാനധർമങ്ങൾ ധാരാളമാകുന്നുവെന്നത് റമദാനിന്റെ സാമൂഹിക വശമാണ്. അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുംതോറും മനുഷ്യരെ കൂടുതൽ പരിഗണിക്കുന്ന മനോഹരമായ സമീപനമാണിത്. ഇങ്ങനെ ആരാധനകളും സാമൂഹിക സേവനവും ചേർന്നതാണ് ഇസ്‌ലാമിന്റെ ആത്മീയത.

റമദാനിന്റെ സാമൂഹിക സേവന മുഖം അടയാളപ്പെടുത്തുന്ന നബി മാതൃകയാണ് ഈ ഹദീസിലെ പ്രധാന ഉള്ളടക്കം. രണ്ടു കാര്യങ്ങളാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്. ഒന്ന്, റമദാനിൽ നബി അത്യധികം ഔദാര്യം (ജൂദ്) കാണിക്കുകയും ദാനധർമങ്ങൾ നിർവഹിക്കുകയും ചെയ്തിരുന്നു. രണ്ട്, ഓരോ റമദാനിലും ജിബ്‌രീൽ നബിയെ ഖുർആൻ ആവർത്തനപഠനം നടത്തിയിരുന്നു. 'ജൂദ്' എന്ന അറബി പദത്തെയാണ് ഉദാരത എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. അല്ലാമാ ഇബ്നു ഹജറുൽ അസ്ഖലാനിയുടെ നിർവചനം അനുസരിച്ച്, 'അർഹതപ്പെട്ടവർക്ക് ആവശ്യമായത് നൽകലാണ് ഉദാരത.' അത് പിശുക്ക് കൂടാതെ നൽകാൻ കഴിയുമ്പോഴാണ് ഒരാൾ ഉദാരനായിത്തീരുന്നത്.

അല്ലാഹുവിന്റെ കാരുണ്യം വഴിഞ്ഞൊഴുകുന്ന മാസമാണ് റമദാൻ. സൽക്കർമങ്ങളുടെ പ്രതിഫല വർധന മാത്രമല്ല, വർധിച്ച പാപമോചനവും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഭാഗമാണ്. പക്ഷേ, അല്ലാഹുവിന്റെ കാരുണ്യം മനുഷ്യർക്ക് ലഭിക്കണമെങ്കിൽ മനുഷ്യരുടെ കാരുണ്യം സമൂഹത്തിലെ അർഹിക്കുന്നവരിലേക്കും ഒഴുകിപ്പരക്കണം എന്ന പാഠം ഈ ഹദീസ് നൽകുന്നുണ്ട്. ദുർബലർക്ക് നൽകുന്ന ഏതൊരു സഹായവും ഈ കാരുണ്യത്തിൽപെടുന്നു. മൂന്ന് ഘടകങ്ങൾ നമ്മുടെ ഉദാരതയെ ഉണർത്തേണ്ടതാണ്. ഒന്ന്, ഏതൊരു മനുഷ്യന്റെയും ഉള്ളിലെ മാനുഷികത, കാരുണ്യം, ദയ, സഹാനുഭൂതി തുടങ്ങിയ ഉത്തമ ഗുണങ്ങളുടെ അനിവാര്യ താൽപര്യമാണത്. രണ്ട്, മുസ്‌ലിം ഉമ്മത്തിന്റെ അടിയാധാരമായ ഈമാനും ഇസ്‌ലാമും ജീവകാരുണ്യത്തിന്റെ കർമരൂപങ്ങൾ അനിവാര്യമാക്കുന്നുണ്ട്. ഈമാനും ഇസ്‌ലാമും ആശയവിശ്വാസങ്ങളിലും ആരാധനാ അനുഷ്ഠാനങ്ങളിലും പരിമിതമല്ല. ജനങ്ങൾക്ക് അനുഭവിക്കാൻ കഴിയുന്ന സാമൂഹിക മൂല്യങ്ങളാണ് അവയുടെ പ്രായോഗിക രൂപങ്ങൾ. ദാനധർമങ്ങൾ അതിൽ പ്രധാനമാണ്. മൂന്ന്, നിർബന്ധ ദാനമായ സകാത്തിനും ഇതര ഐഛിക ദാനങ്ങൾക്കും പ്രോത്സാഹനം നൽകിയ ഇസ്‌ലാം, റമദാനിൽ ദാനധർമങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നു. റമദാനിൽ അല്ലാഹുവുമായി നേരിട്ട് ബന്ധപ്പെടുന്ന പ്രാർഥനാപരമായ ആരാധനക്ക് മാത്രമല്ല അളവറ്റ പ്രതിഫലം വാഗ്ദാനം ചെയ്തത്, മനുഷ്യരെ സേവിക്കുന്ന ഉദാരതക്കു കൂടിയാണ്.

ഇക്കാരണങ്ങളാലെല്ലാം, സമ്പത്ത് കൈയിൽ വരുമ്പോൾ അനുവദനീയമായ സ്വന്തം ആവശ്യങ്ങൾക്കെല്ലാം ഉപയോഗിക്കുകയും പരിധികൾ പാലിച്ചുകൊണ്ട് സ്വയം ആസ്വദിക്കുകയും ചെയ്താൽ മാത്രം പോരാ. അത്യാവശ്യങ്ങൾ നിവർത്തിക്കാൻ പോലും സാമ്പത്തിക ശേഷി ഇല്ലാത്തവരെ ഓർക്കുകയും അവരെ കൂടപ്പിറപ്പുകളായി പരിഗണിച്ച്, ഒരു വിഹിതം നൽകുകയും ചെയ്യണം. എല്ലാ സന്ദർഭങ്ങളിലും വിഭവങ്ങളുടെ പങ്കുവെപ്പ് നടക്കേണ്ടതുണ്ട്. ഈ പങ്കുവെപ്പിന് വിസമ്മതിക്കുന്നവരുടെ ആരാധനാ നുഷ്ഠാനങ്ങളെയും പ്രാർഥനകളെയും ഇസ്‌ലാം വിലമതിക്കുകയില്ല. റമദാനിലാകട്ടെ ഈ പങ്കുവെപ്പിന് പ്രാധാന്യം വർധിക്കുന്നു. ജിബ്‌രീൽ നബിയെ കണ്ടുമുട്ടുന്ന റമദാനിൽ നബി കാറ്റിനേക്കാൾ വേഗത്തിൽ ഉദാരനാകുമായിരുന്നുവെന്ന്

അബ്ദുല്ലാഹിബ്നു അബ്ബാസ് സാക്ഷ്യപ്പെടുത്തിയത് അതിന്റെ തെളിവാണ്. നന്മകൾ പെയ്തിറങ്ങുന്ന, ദൈവസാമീപ്യത്തിനു മത്സരിക്കുന്ന, സ്വർഗത്തിലെ ഉന്നത പദവിയിലേക്ക് ഓടിക്കയറാൻ ഉത്സാഹിക്കുന്ന കാലമാണ് റമദാൻ. അവിടെ നന്മകൾക്ക് എത്രയോ ഇരട്ടിയാണ് പ്രതിഫലം. അതുകൊണ്ട് കൈയയച്ച് കൊടുക്കാൻ റമദാനിൽ വിശ്വാസികൾ ഉത്സാഹിക്കുന്നു. കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പുന്ന, ദുരിതക്കയങ്ങളിൽ മുങ്ങിത്താഴുന്നവരുടെ കൈപിടിച്ചുയർത്തുന്ന ജനസേവന പ്രവർത്തനങ്ങളും പരസ്പരമുള്ള സാമ്പത്തിക സഹായങ്ങളും സഹകരണങ്ങളും ഇസ്‌ലാമിക സമൂഹത്തിന്റെ കെട്ടുപോകാത്ത നന്മയാണ്, ഇത് മറ്റെല്ലാവരിൽനിന്നും ഇസ്‌ലാമിക സമൂഹത്തെ ഉയർത്തിനിർത്തുന്ന ഈടുവെപ്പുതന്നെയാണ്. ദൈവത്തിന്റെ പ്രീതി മാത്രമാണ്, ആവണം അതിന്റെ പ്രചോദനം.

നബി ദാനധർമങ്ങളെ കുറിച്ച് ജനങ്ങളെ ഉദ്ബോധിപ്പിക്കുക മാത്രമല്ല ചെയ്തിരുന്നത്, ഉദാരനായി ജനങ്ങൾക്ക് മാതൃക കാണിക്കുക കൂടിയായിരുന്നുവെന്ന് ഈ ഹദീസിൽ നിന്ന് മനസ്സിലാക്കാം. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തം ഇസ്‌ലാമിക സമൂഹത്തിന്റെ, വിശേഷിച്ചും ഇസ്‌ലാമിക നേതൃത്വത്തിന്റെ സാംസ്കാരിക ഔന്നത്യത്തിന്റെ അടയാളമാണ്. നബിയുടെ ദാരിദ്ര്യത്തെ കുറിക്കുന്ന ചില നിവേദനങ്ങൾ കാണാം, അവ ശരിയുമാണ്. എന്നാൽ നബി എപ്പോഴും ദാരിദ്ര്യത്തിലായിരുന്നില്ല, സാമ്പത്തിക സുഭിക്ഷതയുടെ സന്ദർഭങ്ങളും നബിക്കുണ്ടായിരുന്നു, അപ്പോഴൊക്കെ നബി ദാനം ചെയ്തിരുന്നുവെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. ദാരിദ്യം ഭയന്നോ, പിശുക്ക് കാരണമോ ഒക്കെയാണ് പലരും ദാനം ചെയ്യാൻ മടിക്കുകയോ അതിൽ കുറവ് വരുത്തുകയോ ചെയ്യാറുള്ളത്, സ്വന്തം ജീവിതാവശ്യങ്ങൾക്ക് ആർഭാടപൂർവം ചെലവഴിക്കുകയും ചെയ്യും. ഈ ഇരട്ടത്താപ്പ് സത്യവിശ്വാസികൾക്ക് ഭൂഷണമല്ല. ദാനം ചെയ്തത് ബാക്കിയാകും, സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചത് തീർന്നുപോകും എന്ന പാഠമാണ് നബി പകർന്നുതന്നിട്ടുള്ളത്. ഒരിക്കൽ നബി ഒരു ആടിനെ അറുത്ത് മാംസം അയൽവാസികൾക്കും മറ്റും നൽകാൻ പറഞ്ഞു. പുറത്തുപോയി തിരിച്ചുവന്ന നബിയോട് ആഇശ പറഞ്ഞു; 'എല്ലാം ദാനം ചെയ്തു, ഇനി ഈ കാൽ മാത്രമേ ബാക്കിയുള്ളൂ.' 'കൊടുത്തതെല്ലാം ബാക്കിയുണ്ട്, ഇവിടെ സൂക്ഷിച്ചത് മാത്രമാണ് തീർന്നുപോയത്' എന്നായിരുന്നു നബിയുടെ മറുപടി! ദാനം ചെയ്തത് ബാക്കിയാകും എന്ന മഹാ തത്ത്വം പഠിപ്പിച്ചുകൊണ്ടാണ് ഇസ്‌ലാം നമുക്കകത്തെ മനുഷ്യത്വത്തെ ഉണർത്തുന്നത്, കാരുണ്യത്തെ ചാലുകീറി ജനങ്ങളിലേക്ക് ഒഴുക്കിവിടുന്നത്. ഏറ്റവും നല്ലതും പ്രയോജനപ്പെടുന്നതുമായ സമ്പത്ത്, സ്വന്തം കൈയിൽ സൂക്ഷിച്ചതല്ല, അർഹതപ്പെട്ടവർക്കുവേണ്ടി ചെലവഴിച്ചതാണെന്ന് നബി പഠിപ്പിച്ചിട്ടുണ്ട്. ഒരു നബിവചനം ഇങ്ങനെ വായിക്കാം; 'എല്ലാ ദിവസവും രണ്ട് മലക്കുകൾ ഇറങ്ങിവരും. അല്ലാഹുവേ, പണം ചെലവഴിക്കുന്നവന് ശേഷിപ്പ് നൽകണേ എന്നാണ് ആ മലക്ക് പ്രാർഥിക്കുക. രണ്ടാമത്തെ മലക്കിന്റെ പ്രാർഥന; 'അല്ലാഹുവേ പിശുക്ക് കാണിച്ച് പണം പിടിച്ചുവെക്കുന്നവന് നാശം നൽകണേ എന്നായിരിക്കും.' ഖുദ്സിയായ ഒരു ഹദീസിൽ അല്ലാഹു ഇങ്ങനെ വാഗ്ദാനം ചെയ്തതായി നബി പഠിപ്പിക്കുന്നു; ''ആദമിന്റെ മക്കളേ, നിങ്ങൾ ദാനം ചെയ്യുക, ഞാൻ നിങ്ങൾക്ക് വേണ്ടിയും ചെലവഴിക്കുന്നതാണ്.'' ദാനധർമങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നിരവധി ഖുർആൻ സൂക്തങ്ങളും നബിവചനങ്ങളുമുണ്ട്.

'നബി ജനങ്ങളിൽ ഏറ്റവും ഉദാരനായിരുന്നു' (അജ്‌വദുന്നാസ്) എന്ന് ഇബ്നു അബ്ബാസ് സാക്ഷ്യപ്പെടുത്തുന്നു. ഈ മാതൃക പിന്തുടർന്ന് ഏറ്റവും ഉദാരനായി നിലകൊള്ളാൻ സാമ്പത്തിക സുസ്ഥിതിയുള്ളവർ സന്നദ്ധരാകണം. ആവശ്യക്കാരെ കണ്ടറിഞ്ഞും കൈയയച്ചും സഹായിക്കാൻ മനസ്സ് വിശാലമാക്കണം. അപ്പോഴാണ് നനവുള്ള മനുഷ്യരായും നാടിന്റെ തണൽമരങ്ങളായും മാറാൻ കഴിയുന്നത്. അത്തരം മഹാവ്യക്തിത്വങ്ങളെ പലയിടത്തും നമുക്ക് കാണാം. എന്നാൽ, സാമ്പത്തിക ശേഷിയുണ്ടായിട്ടും ഉദാരത കാണിക്കാതെ ലുബ്ധരാകുന്നവരും ഉണ്ട്. ഇത്തരക്കാർക്ക് നബിയുടെ മാതൃക സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണു മനസ്സിലാക്കേണ്ടത്; അവർ നബിയിൽ വിശ്വസിക്കുകയും നബിയുടെ പേരു കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും. കൈയയച്ച് ദാനം ചെയ്യുന്നവർ, യാതൊരു സൂക്ഷ്മതയും നിയന്ത്രണവും ഇല്ലാതെ ചോദിക്കുന്നവർക്ക് എല്ലാം വാരിക്കോരിക്കൊടുക്കുന്നതും നന്നല്ല. മറിച്ച്, സൂക്ഷ്മതയും ജാഗ്രതയും ദീർഘദർശനവും ദാനധർമങ്ങളിൽ പുലർത്തേണ്ടതുണ്ട്. സ്വീകർത്താക്കളുടെ വിശ്വാസ്യതയും സംരംഭങ്ങളുടെ ക്രിയാത്മകതയും മറ്റും വലിയ ദാനധർമങ്ങളിൽ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതാണ്. ദീർഘകാലാധിഷ്ഠിതമായി ദാനധർമങ്ങൾ ഗുണം ചെയ്യുന്നത് അപ്പോഴായിരിക്കും .

റമദാനിലെ ഖുർആൻ വായനാപഠനമാണ് ഹദീസിലെ മറ്റൊരു വിഷയം. റമദാനിലെ എല്ലാ രാത്രികളിലും ജിബ്‌രീൽ നബിയിൽനിന്ന് ഖുർആൻ കേൾക്കുമായിരുന്നു. ആയത്തുകളും അധ്യായക്രമങ്ങളുമെല്ലാം പിഴവ് കൂടാതെ, സൂക്ഷ്മമായി സംരക്ഷിക്കുകയായിരുന്നു ഈ സമാഗമത്തിന്റെ ലക്ഷ്യം. 'യുദാരിസുഹു' എന്നാണ് ഹദീസിൽ ഉപയോഗിച്ചിട്ടുള്ളത്. പഠിക്കുക എന്നതാണ് 'ദറസ'യുടെ ഒരു അടിസ്ഥാന അർഥം. പരസ്പരം വായിച്ചുകൊടുക്കുക എന്നതാണ് 'യുദാരിസു' എന്ന പ്രയോഗത്തെ പരിഭാഷപ്പെടുത്താറുള്ളത്. ഒന്നിച്ചിരുന്നു സംശയനിവൃത്തി വരുത്തുന്ന പഠന രീതിയാണ് (കമ്പയിന്റ് സ്റ്റഡി) ഇതിന്റെ ആശയം. ഒരുതരം ആവർത്തന പഠനമാണ് അതിന്റെ സ്വഭാവം. അല്ലാതെ, കേവലം ഓത്ത് അല്ല. ഈ മാതൃക പിന്തുടർന്ന് റമദാനിൽ ഖുർആൻ പ്രത്യേകമായി ആവർത്തനപഠനം നടത്താൻ ഇസ്‌ലാമിക സമൂഹം ശ്രദ്ധിക്കുന്നു. ഖുർആന്റെ സന്മാർഗ വെളിച്ചം നൽകിയതിനുള്ള നന്ദിപ്രകടനം നോമ്പിന്റെ പൊരുളുകളിൽ പ്രധാനമാണ്. അപ്പോൾ ഖുർആനാണ് റമദാനിന്റെ കാമ്പ്. നന്മയിലെയും ദാനധർമങ്ങളിലെയും ഉദാരതയെ ഖുർആനുമായി ചേർത്തുവെച്ചതിൽനിന്ന്, ഖുർആൻ നെഞ്ചേറ്റിയ ഒരു ജനത എല്ലാ നന്മകളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും മാതൃകയായിരിക്കും എന്നും അത് ഖുർആനിന്റെ ജീവിതപാഠമാണെന്നും മനസ്സിലാകുന്നു. പഠനപാരായണത്തിലൂടെ ഖുർആന്റെ ആശയ ലോകത്തേക്ക് കടന്നുചെല്ലുകയും അവ ജീവിതത്തിന്റെ വെളിച്ചമാക്കുകയും ചെയ്യുമ്പോഴാണ് വിശ്വാസിയുടെ ജീവിതം ചൈതന്യവത്താകുന്നത്. ●